(ബി ആന്റ് സി) കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ സർക്കാർ വിഹിതം അടയ്ക്കേണ്ടതാണെന്ന് ബന്ധപ്പെട്ട നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് 5 കോടി രൂപ സർക്കാർ ഗ്രാന്റായി നൽകിയിട്ടുണ്ട്. കർഷകർ അടയ്ക്കേണ്ട വിഹിതം പിരിച്ചെടുക്കുന്നത് റവന്യൂ വകുപ്പു മുഖേന ആയതിനാൽ കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ നിർണ്ണയിക്കുവാൻ ബോർഡിനു സാധിച്ചിട്ടില്ല.

(ഡി) ഭൂ ഉടമാ വിഹിതത്തിലെ കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കുന്നതിന് ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) റിട്ടയർമെന്റ് ആനുകൂല്യം, വിവാഹ ധനസഹായം എന്നീ ആനുകൂല്യങ്ങൾ കൊടുത്തുതീർക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) 31-3-2004-ലെ കണക്കനുസരിച്ച് റിട്ടയർമെന്റ് ആനുകൂല്യം, വിവാഹ ധനസഹായം, ചികിത്സാ സഹായം, മരണാനന്തര സഹായം എന്നീ ഇനങ്ങളിലായി യഥാക്രമം 91541, 43665, 1333, 854 വീതം അപേക്ഷകൾ പരിഗണനയിൽ ഉണ്ട്. വിദ്യാഭ്യാസാനുകൂല്യത്തിനുള്ള അപേക്ഷയിൽ കുടിശ്ശികയില്ല.

(ജി) ആനുകൂല്യങ്ങൾ കൊടുത്തുതീർക്കേണ്ടവരുടെ ജില്ല തിരിച്ചുള്ള എണ്ണവും തുകയും അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

(എച്ച്) ക്ഷേമനിധി ആനുകൂല്യങ്ങൾ കൊടുത്തുതീർക്കുന്നതിന് 59 കോടിയിലധികം രൂപ വേണ്ടിവരും. ബോർഡിന്റെ പക്കൽ ഇപ്പോൾ 10.75 കോടി രൂപയോളമേ ഉള്ളൂ. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ആനുകൂല്യങ്ങൾ വിതരണം ചെയ്തുവരുന്നു.

(ഐ) ഫണ്ടിന്റെ അഭാവത്തിൽ, വിവിധ ക്ഷേമ ആനുകൂല്യങ്ങൾക്കായി സമർപ്പിച്ചിട്ടുള്ള നിലവിലുള്ള അപേക്ഷകൾ തന്നെ തീർപ്പാക്കാൻ സാധിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ നിലവിലുള്ള ആനുകൂല്യങ്ങൾ പരിഷ്ക്കരിക്കുന്ന കാര്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

ആഭരണ നിർമ്മാണ മേഖലയിലെ തൊഴിലാളികൾക്ക് ക്ഷേമനിധി

85 [3093] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭരണ നിർമ്മാണ മേഖലയിൽ പണി എടുക്കുന്ന തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിക്കുന്നതിന് തൊഴിൽ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ മേഖലയിലെ തൊഴിലാളികൾക്ക് സമഗ്രമായ സംരക്ഷണ നിയമം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) തൊഴിലാളികളുടെ കൂലി നിശ്ചയിക്കുന്നതിനും നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) ആഭരണ നിർമ്മാണ തൊഴിലാളികളെ മിനിമം വേജസ് നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ഈ മേഖലയിൽ തൊഴിൽ നിയമങ്ങൾ കർശനമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) ആഭരണ നിർമ്മാണ തൊഴിലാളികൾക്ക് ക്ഷേമനിധിയും വാർദ്ധക്യകാല പെൻഷനും ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കടകളിൽ ജോലി ചെയ്ത് വരുന്ന ആഭരണ തൊഴിലാളികൾ 1960-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിന്റെ പരിധിയിൽപ്പെടുന്നവരാണ്. പ്രസ്തുത തൊഴിലാളികളുടെ സേവനവ്യവസ്ഥകൾ ഈ നിയമത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. 1948-ലെ മിനിമം വേതന നിയമപ്രകാരം മിനിമം വേതനവും ഈ തൊഴിലാളികൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ വീടുകളിൽ വച്ച് സ്വർണ്ണാഭരണം നിർമ്മിക്കുന്ന തൊഴിലാളികൾക്ക് തൊഴിലാളി-തൊഴിലുടമ ബന്ധമില്ലെന്ന് ആലപ്പുഴ ഇൻഡസ്ട്രിയൽ ട്രൈബ്യൂണലും, ബഹു. കേരള ഹൈക്കോടതിയും വിധി കൽപ്പിച്ചിട്ടുണ്ട്. സ്വർണ്ണ നിയന്ത്രണ ചട്ടംപിൻവലിച്ചതോടെ സ്വർണ്ണ തൊഴിലാളികൾക്ക് സ്വയംതൊഴിൽ ചെയ്യുവാൻ ലൈസൻസ് ലഭിച്ചു. സ്വർണ്ണ തൊഴിലാളികൾ നൽകുന്ന സെക്യൂരിറ്റി തുകയ്ക്കനുസരിച്ച് സ്വർണ്ണം നൽകി പണിചെയ്ത ആഭരണങ്ങൾ കടക്കാർക്ക് എത്തിച്ചുകൊടുക്കുന്ന സമ്പ്രദായമാണ് ഇപ്പോൾ നിലവിലുള്ളത്. ഒരു പ്രത്യേക തരം ആഭരണത്തിന്റെ കൂലി തൊഴിലാളിയും കടയുടമയും കൂടി തീരുമാനിക്കേണ്ടതാണ്. തൊഴിലാളി തൊഴിലുടമ ബന്ധമില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത ജീവനക്കാർക്ക് മിനിമം കൂലി നടപ്പാക്കുന്നതിനെപ്പറ്റി കൂടുതൽ പഠനം ആവശ്യമാണ്.

(ബി) തൊഴിലാളികൾക്ക് തൊഴിൽ കുറഞ്ഞുവെന്നുള്ളത് പൊതുവെ അംഗീകരിക്കപ്പെടുന്ന വസ്തുതയാണ്. ഈ മേഖലയിലെ തൊഴിലാളികൾക്ക് സമഗ്രമായ സംരക്ഷണ നിയമം നടപ്പിലാക്കുന്നതിന് വേണ്ടി നടപടി സ്വീകരിച്ചു വരുന്നു. അതിനുള്ള പ്രാഥമിക നടപടിയായി ഈ മേഖലയിൽ ജോലി ചെയ്തു വരുന്ന തൊഴിലാളികളുടെ കണക്ക് ശേഖരിക്കുവാൻ ജില്ലാ ലേബർ ആഫീസർ മാരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി—ഇ) തൊഴിലാളി-തൊഴിലുടമ ബന്ധമില്ലെന്നുള്ള ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ വിധി നിലനിൽക്കുന്ന സാഹചര്യത്തിൽ ഈ മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിക്കുന്നതിന് കൂടുതൽ പഠനം ആവശ്യമാണ്.

(എഫ്) ആഭരണ നിർമ്മാണ തൊഴിലാളികൾക്ക് മാത്രമായി ഒരു പ്രത്യേക ക്ഷേമപദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഇപ്പോൾ നിലവിലുള്ള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ ഇവർക്ക് അംഗങ്ങളാകാവുന്നതാണ്. പുറമെ സർക്കാരിന്റെ പരിഗണനയിലുള്ള അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹിക സുരക്ഷാ പദ്ധതിയിലും ഈ വിഭാഗം തൊഴിലാളികൾ ഉൾപ്പെടുന്നതാണ്.

ഷോപ്പ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ പരിധിയിൽപ്പെടുന്ന തൊഴിലാളികൾക്ക് പ്രത്യേക ക്ഷേമനിധി

86 [3094] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷോപ്പ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ പരിധിയിൽപ്പെടുന്ന തൊഴിലാളികൾക്ക് പ്രത്യേക ക്ഷേമനിധി ഏർപ്പെടുത്തുമെന്ന പ്രഖ്യാപനം എപ്പോൾ പ്രാവർത്തികമാക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ക്ഷേമനിധി ഏർപ്പെടുത്തുന്നതിനുള്ള നിയമനിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഷോപ്പ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ പരിധിയിൽ എത്ര തൊഴിലാളികളുണ്ടെന്ന് നിർണ്ണയിക്കപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) സംസ്ഥാനത്തെ ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിനുള്ള കരട് ബില്ല് നിയമമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി ആന്റ് ഡി) ഇത് സംബന്ധിച്ച കണക്കുകൾ ആധികാരികമായി തൊഴിൽ വകുപ്പ് രേഖപ്പെടുത്തിയിട്ടില്ല. എങ്കിലും സംസ്ഥാനത്ത് 8 ലക്ഷത്തോളം തൊഴിലാളികൾ ഉണ്ടെന്നാണ് കണക്കാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly